"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 - മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.09.2024-ലെ 7(1) നമ്പർ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1770/2025/LSGD തീയതി, തിരുവനന്തപുരം, 18-07-2025

---

പരാമർശം:-

1. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.09.2024-ലെ യഥാക്രമം 7(1) നമ്പർ തീരുമാനം.
2. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20/09/2024-ലെ എ1/4241 നമ്പർ കത്ത്.
3. സർക്കാരിന്റെ 01.10.2024-ലെ ആർബി3/439/2024-തസ്വഭവ നമ്പർ കത്ത്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/04/2025-ലെ LSGD/PD/38875/2024-AR5 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ ഊർങ്ങാട്ടിരി വില്ലേജിൽ ബ്ലോക്ക് നം. 149, റീസർവ്വേ നം.102/2, 102/6-ലുള്ളതും തറക്കൽ എ യു പി സ്കൂളിന്റെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടത്തിനും ഭൂമിക്കും ചുറ്റമതിൽ നിർമ്മിക്കുന്നതിന് വേണ്ടി സ്കൂൾ മാനേജർ ശ്രീ. ടി.എം. ഹരിപ്രസാദ് നൽകിയ അപേക്ഷയിന്മേൽ ചുറ്റമതിൽ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു നൽകിയിരുന്നുവെന്നും എന്നാൽ പെർമിറ്റ് നൽകിയ ഊർങ്ങാട്ടിരി വില്ലേജിലെ ബ്ലോക്ക് 149 റീ.സ 102/6-ൽ ഉൾപ്പെട്ട 0.5000 ഹെക്ടർ സ്ഥലം ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമിയാണെന്നും ആയത് കാലങ്ങളായി ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് നിവാസികൾ കളിസ്ഥലമായി ഉപയോഗിച്ചിരുന്നതാണെന്നും കാണിച്ച് നിയാസ് കോർമത്ത് നൽകിയ പരാതി പരിഗണിച്ച് ചുറ്റമതിൽ നിർമാണത്തിന് നൽകിയ പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് 09/09/2024-ൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരയോഗം തീരുമാനിക്കുകയും പ്രസ്തുത തീരുമാനം നിയമാനുസൃതമല്ലെന്നും, പുനഃപരിശോധിക്കണമെന്നും കാണിച്ച് പഞ്ചായത്ത് സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തിയതിനെത്തുടർന്ന് 12/09/2024-ന് ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം മുൻ തീരുമാനം പുനഃപരിശോധിക്കണമെന്ന ആവശ്യം നിരാകരിക്കുകയും മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയുമുണ്ടായി. തുടർന്ന് ടി തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 182(iii), വകുപ്പ് 191 എന്നിവയനുസരിച്ച് പരാമർശം (2) പ്രകാരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

2) ഗ്രാമപഞ്ചായത്ത് തീരുമാനം അടിയന്തിരമായി നടപ്പാക്കി ഉത്തരവിന്റെ പകർപ്പ് സമർപ്പിക്കണമെന്ന് പഞ്ചായത്ത് പ്രസിഡണ്ട് നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയം സംബന്ധിച്ച സർക്കാർ തീരുമാനവും, മാർഗ്ഗ നിർദ്ദേശവും ലഭ്യമാകുന്നത് വരെ പെർമിറ്റ് പ്രകാരമുള്ള നടപടികൾ തടഞ്ഞുകൊണ്ട് തൽസ്ഥിതി തുടരുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ സെക്ഷൻ 235 എക്സ് വകുപ്പ് പ്രകാരം സ്കൂൾ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) ടി വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച് ചുവടെപ്പറയുന്ന വിവരങ്ങളും പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച ബഹു. ഒറ്റപ്പാലം സബ് കോടതി 30/09/1999 ൽ ഇടക്കാല അന്തിമ വിധി പുറപ്പെടുവിച്ചിട്ടുള്ളതും അതു പ്രകാരം ഇപ്പോഴത്തെ സ്കൂൾ മാനേജർ ശ്രീ. ടി.എം. ഹരിപ്രസാദിന്റെ പിതാവ് ശ്രീ. തറക്കൽ കൃഷ്ണനുണ്ണി S/0 കുഞ്ഞിക്കാവു വാരസ്യാർ എന്നയാൾക്ക് അവകാശപ്പെട്ടതുമാണ്.
2. ഒറ്റപ്പാലം സബ് കോടതി വിധിക്കെതിരായി തുവ്വൂർ ജവഹർ സ്പോർട്സ് ക്ലബ് നൽകിയ അപ്പീൽ ബഹു. കേരള ഹൈക്കോടതിയുടെ 25/09/2006-ലെ SA No.489/2002 ഉത്തരവ് പ്രകാരം നിരാകരിച്ചിട്ടുള്ളതാണ്.
3. റീസർവ്വേ രേഖകളിൽ പുറമ്പോക്ക് കളിസ്ഥലം എന്ന് രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തി തറക്കൽ സ്കൂൾ മാനേജരുടെ പേരിൽ സബ് ഡിവിഷൻ അനുവദിക്കുന്നതിന് എതിരായി ശ്രീ.അബ്ദുൽ കരിം, പാതാരി വീട്, തുവ്വൂർ (പി.ഒ) എന്നയാൾ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ WP(C) No. 11537/2009(S) കേസിൽ ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 29/05/2015-ൽ പുറപ്പെടുവിച്ച ഉത്തരവിൽ തുവ്വൂർ വില്ലേജ് ബ്ലോക്ക് 149 റീസർവ്വേ 102/6 നമ്പറിലുള്ള 0.5000 ഹെക്ടർ ഭൂമി പുറമ്പോക്ക് ഭൂമിയോ ഗവൺമെന്റ് ഭൂമിയോ അല്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.
4. തുവ്വൂർ വില്ലേജ് ബ്ലോക്ക് 149 റീസർവ്വേ നം.102/6-ൽ ഉൾപ്പെട്ട ഭൂമിക്ക് റവന്യൂ വകുപ്പ് സബ് ഡിവിഷൻ അനുവദിച്ച് തറക്കൽ സ്കൂൾ മാനേജറുടെ പേരിൽ നികുതി സ്വീകരിച്ച് വരുന്നതും ആയത് സംബന്ധിച്ച് നികുതി രസീതി, കൈവശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടുള്ളതുമാണ്.
5. മേൽ വസ്തുതകളും രേഖകളും പരിഗണിച്ചും കേരള പഞ്ചായത്ത് രാജ് നിയമം 1994, കേരള കെട്ടിട നിർമ്മണ ചട്ടങ്ങൾ 2019 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചും നിയമാനുസൃതവുമായാണ് ചുറ്റുമതിൽ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്.

4) മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള തീരുമാനം നടപ്പാക്കുന്നത് സർക്കാരിൽ നിന്ന് അറിയിപ്പുണ്ടാകുന്നതു വരെ തൽക്കാലം മാറ്റി വയ്ക്കേണ്ടതാണെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

5) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതെന്ന് കാണുന്നുവെന്നും അതിനാൽ ചുറ്റുമതിൽ നിർമ്മാണാനുമതി റദ്ദു ചെയ്യുന്നതിനുള്ള പഞ്ചായത്ത്

തീരുമാനം നിയമാനുസൃതമല്ലെന്നും പരാമർശം(4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് പുറമ്പോക്കാണെന്ന് അവകാശപ്പെടുന്ന ഭൂമി പുറമ്പോക്ക് ഭൂമിയോ, ഗവൺമെൻറ് ഭൂമിയോ അല്ലെന്ന് ബഹു. കേരള ഹൈക്കോടതി WP(C) No.11537/2009-ലെ 29/05/2015 ലെ വിധിന്യായപ്രകാരം തീർപ്പ് കല്പിച്ചിട്ടുള്ളതായും പ്രസ്തുത ഭൂമിക്ക് റവന്യൂ വകുപ്പ് സബ് ഡിവിഷൻ അനുവദിച്ച് തറക്കൽ സ്കൂൾ മാനേജരുടെ പേരിൽ നികുതി സ്വീകരിച്ചു വരുന്നതായും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചും നിയമാനുസൃതവുമായാണ് ചുറ്റുമതിലിന് നിർമ്മാണാനുമതി നല്കിയിട്ടുള്ളതെന്ന് കാണുന്ന സാഹചര്യത്തിൽ ഊവ്വൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.09.2024-ലെ 7(1) നമ്പർ തീരുമാനം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(2) വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം. (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ജില്ല ജോയിന്റ് ഡയറക്ടർ, മലപ്പുറം
പ്രസിഡന്റ്, ഊവ്വൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
സെക്രട്ടറി, ഊവ്വൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(RB3/439/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 18-07-2025 15:56:20
സെക്ഷൻ ഓഫീസർ